LIBRARY ARCHIVES Kerala Legislative Assembly

(7) അടയ്ക്കാ കർഷകർക്ക് ധനസഹായം

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, അടയ്ക്കായുടെ വിലത്തകർച്ചയിൽനിന്ന് കർഷകരെ രക്ഷിക്കാൻവേണ്ടി 2010-11 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പത്ത് കോടി രൂപ വകകൊള്ളിച്ചിരുന്നു. ഈ തുക അർഹതപ്പെട്ട കർഷകർക്ക് നൽകുന്നതിനു വേണ്ടിയുള്ള ഒരു നടപടിയും ഇതുവരേയും ആരംഭിച്ചിട്ടില്ല. വിലത്തകർച്ചമൂലം ദുരിതം അനുഭവിക്കുന്ന അടയ്ക്ക കർഷകന് വലിയ ഒരു ആശ്വാസം നൽകുന്ന പ്രഖ്യാപനമായിരുന്നു ബഡ്ജറ്റിൽ ഉണ്ടായിരുന്നത്. കർഷകരാകെ ഈ തുക കിട്ടുമെന്ന പ്രതീക്ഷയിലാണ്. ഇതിനായി ഒരു പ്രത്യേക പാക്കേജ് ഉണ്ടാക്കണം. കൃഷിയുടെ വിസ്തീർണ്ണവും അതുപോലെതന്നെ കവുങ്ങിന്റെ എണ്ണവും കണക്കിലെടുത്ത് ഓരോ കൃഷിക്കാരിൽനിന്നും അപേക്ഷ സ്വീകരിച്ച് കൃഷിഭവൻവഴി ഈ തുക വിതരണം ചെയ്യണമെന്നതാണ് കൃഷിക്കാരുടേയും കർഷക സംഘടനകളുടേയും ആവശ്യം. ഇതിനാവശ്യമായ പാക്കേജ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): സർ, കേരളത്തിലെ അടയ്ക്കാകർഷകർ നേരിടുന്ന പ്രശ്നങ്ങൾ ഗവൺമെന്റിന്റെ സജീവ ശ്രദ്ധയിലുള്ളതാണ്. മഞ്ഞളിപ്പ്, മഹാളി എന്നീ രോഗങ്ങൾ, ഉൽപ്പാദന കുറവ് ആരോഗ്യപരമായ കാരണങ്ങളാൽ പാൻ മസാല തുടങ്ങിയ അടയ്ക്ക ഉൽപ്പന്നങ്ങൾക്ക് ഉപയോഗത്തിൽ ഏർപ്പെടുത്തിയ നിരോധനം, അയൽ രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതി, ഇവയെല്ലാം അടയ്ക്കായുടെ വിലത്തകർച്ചയ്ക്ക് കാരണമായിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് 2010-11-ലെ ബഡ്ജറ്റിൽ പത്തു കോടി രൂപയുടെ ഒരു പാക്കേജ് പ്രഖ്യാപിച്ചത്. ഇതിന്റെ നടത്തിപ്പിനെ സംബന്ധിച്ച് ഇപ്പോൾ വിശദാംശങ്ങൾ തയ്യാറാക്കിവരികയാണ്. ഇത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഈ മാസം 27-ാം തീയതി കാസർകോട് ജില്ലയിലെ നിയമസഭാ അംഗങ്ങളുടെ ഒരു യോഗം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ഉടൻ വിളിച്ചുകൂട്ടുന്നതാണ്.

(8) ജന്മി പെൻഷൻ പരിഷ്ക്കരണം

ശ്രീ. എം. ചന്ദ്രൻ: സർ, കേരളത്തിലെ ജന്മി പെൻഷൻകാർക്ക് വളരെക്കാലമായി 500 രൂപയാണ് പെൻഷൻ ലഭിക്കുന്നത്. അത് വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 2008 മുതൽ പെൻഷൻ വാങ്ങുന്നവർ ഒറ്റയ്ക്കും കൂട്ടായും റവന്യൂ വകുപ്പുമന്ത്രിക്ക് നിവേദനങ്ങൾ സമർപ്പിക്കുകയുണ്ടായി. പക്ഷെ ആ നിവേദനത്തിനൊന്നും കാര്യമായ ഒരു പ്രതികരണവും ലഭിച്ചിട്ടില്ല. ജന്മി പെൻഷൻ വാങ്ങുന്നവർ മുഴുവനും 80 വയസ്സിനധികം പ്രായമുള്ളവരാണ്. ഭൂ പരിഷ്കരണത്തിന്റെ ഭാഗമായി ഭൂമി നഷ്ടപ്പെട്ടതിനാൽ പെരുവഴികാവത്ത് ആർഭാടപൂർവ്വം ജീവിച്ചിരുന്നവർക്ക് ജീവിക്കാൻ കഴിയാതെ പട്ടിണി കിടക്കുന്ന സാഹചര്യമാണ് ഇപ്പോൾ നിലനിൽക്കുന്നത്. ഏതാണ്ട് 200 ഓളം പേർ മാത്രമാണ് ഇപ്പോൾ ജീവിച്ചിരിക്കുന്നത്. അതുകൊണ്ട് അവരുടെ പെൻഷൻ ആയിരം രൂപയെങ്കിലും

ആക്കി വർദ്ധിപ്പിച്ച് ആ പ്രദേശത്തിൽനിന്ന് ഗവൺമെന്റിനെ രക്ഷപ്പെടുത്താൻ അങ്ങ് മുൻകൈ എടുക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സർ, പതിനാറ് ജില്ലകളിലായി ജന്മി പെൻഷൻ കൈപ്പറ്റുന്ന 200-ൽ ഏറെപ്പേരുണ്ട്. അഗ്രിക്കൾച്ചർ റീഹാബിലിറ്റേഷൻ പെൻഷനിലുള്ള സവിശേഷ നിക്ഷേപത്തിന്റെ പലിശയിൽനിന്നാണ് ഇവർക്ക് പെൻഷൻ നൽകുന്നത്. നേരത്തെ 300 രൂപയായിരുന്നത് 600 രൂപയായി വർദ്ധിപ്പിച്ചതാണ്. ഭൂ പരിഷ്കരണ നിയമം നടപ്പിലാക്കിയതുമൂലം ഭൂമി നഷ്ടപ്പെടുകയും വരുമാനം ഇല്ലാതാകുകയും ചെയ്തതിനാൽ കഷ്ടത അനുഭവിക്കുകയാണ്. ഇവരെല്ലാം വാർദ്ധക്യത്തിലെത്തിയവരുമാണ്. അതുകൊണ്ട് നിലവിലുള്ള സാമൂഹിക-സാമ്പത്തിക സ്ഥിതി പരിഗണിക്കുമ്പോൾ ഇപ്പോൾ നൽകിവരുന്ന 600 രൂപ വളരെ തുച്ഛമാണ്. ആയതിനാൽ ജന്മി പെൻഷൻ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള ഗവൺമെന്റിന്റെ ഒരു പ്രൊപ്പോസൽ ധനകാര്യ വകുപ്പ് പരിശോധിച്ചുവരികയാണ്. ആയിരം രൂപയായി വർദ്ധിപ്പിക്കണമെന്ന ശ്രീ. എം. ചന്ദ്രൻ എം.എൽ.എ. ഉന്നയിച്ച ആവശ്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

(9) മൊബൈൽ മെഡിക്കൽ യൂണിറ്റ്

ശ്രീ. ബി. ഡി. ദേവസ്സി: സർ, അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ആദിവാസി മേഖലയിൽ മൊബൈൽ മെഡിക്കൽ യൂണിറ്റാരംഭിക്കാൻ നടപടി
10.00 PM] സ്വീകരിക്കുയ്ന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ പതിനാറ് ആദിവാസി കോളനികളിലായി രണ്ടായിരത്തിലധികം ആദിവാസികൾ താമസിക്കുന്നുണ്ട്. ഇവർ പ്രധാനമായും ചികിൽസയ്ക്കായി ആശ്രയിക്കുന്ന കേന്ദ്രം പാലക്കുടി താലൂക്ക് ഗവൺമെന്റ് ആശുപത്രിയാണ്. വനത്തിന്റെ ഉൾഭാഗത്തായി സ്ഥിതി ചെയ്യുന്ന പല ആദിവാസി കോളനികളുടെ ദൂരം റോഡിൽനിന്നും 90 കിലോമീറ്റർ അകലത്തിലാണ്. അതിനാൽ അടിയന്തര ഘട്ടങ്ങളിൽ ചികിൽസ ഉറപ്പു വരുത്തുവാൻ കഴിയാത്ത അവസ്ഥയുണ്ട്. മാത്രമല്ല പകർച്ച വ്യാധികൾ പടർന്നുപിടിക്കുന്ന സന്ദർഭങ്ങളിൽ ആവശ്യമായ ബോധവൽക്കരണവും അടിയന്തര ചികിൽസയും ലഭ്യമാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. ആയതിനാൽ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ആദിവാസി മേഖലകളിൽ ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റാരംഭിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സർ, അതിരപ്പിള്ളി ഉൾപ്പെടെയുള്ള സംസ്ഥാനത്തെ വിവിധ ആദിവാസി കോളനികളിൽ, പ്രത്യേകിച്ച് ഗതാഗത സൗകര്യം വളരെക്കുറവുള്ള ഊരുകളിലെ ചികിൽസ ഉറപ്പുവരുത്തുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly